روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

**കൊലപാതകങ്ങൾ വർദ്ധിക്കുമ്പോൾ**

14/01/2022

بسم الله الرحمن الرحيم

- മാതാപിതാക്കളെ വെട്ടിക്കൊന്നു. മകൻ ആത്മഹത്യ ചെയ്തു.
- ഭാര്യയെയും മക്കളെയും വിഷം കൊടുത്തു കൊന്നു. കാമുകിക്കൊപ്പം ജീവിക്കാൻ.
- മക്കളെ കിണറ്റിൽ തള്ളിയിട്ടു കൊന്നു കാമുകനൊപ്പം ഒളിച്ചോടി.
- ക്യാമ്പസിൽ തിരഞ്ഞെടുപ്പിനിടയിൽ സംഘർഷം; വിദ്യാർത്ഥി കുത്തേറ്റ് മരിച്ചു.
- കൊലപാതകങ്ങളുടെ വാർത്തകൾ നാം നിരന്തരം കേട്ടു കൊണ്ടിരിക്കുന്നു.
- മനുഷ്യ ജീവന് ഇസ്‌ലാം ഏറെ പവിത്രത കൽപ്പിച്ചിട്ടുണ്ട്. ജീവിക്കുവാനുള്ള മനുഷ്യരുടെ അവകാശത്തെ അന്യായമായി ഹനിക്കുവാൻ ആർക്കും അവകാശമില്ലെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.
- **അന്യായമായി ആരെയും വധിക്കരുത്.**

وَلَا تَقْتُلُوا أَوْلَادَكُمْ خَشْيَةَ إِمْلَاقٍ نَّحْنُ نَرْزُقُهُمْ وَإِيَّاكُمْ إِنَّ قَتْلَهُمْ كَانَ خِطْئًا كَبِيرًا ﴿الإسراء: ٣١﴾
وَلَا تَقْتُلُوا النَّفْسَ الَّتِي حَرَّمَ اللَّهُ إِلَّا بِالْحَقِّ وَمَن قُتِلَ مَظْلُومًا فَقَدْ جَعَلْنَا لِوَلِيِّهِ سُلْطَانًا فَلَا يُسْرِف فِّي الْقَتْلِ إِنَّهُ كَانَ مَنصُورًا ﴿ الإسراء : ٣٣﴾

- **കൊലപാതകം വൻ പാപം**

عَنْ أَبِي هُرَيْرَةَ، عَنِ النَّبِيِّ صلى الله عليه وسلم قَالَ اجْتَنِبُوا السَّبْعَ الْمُوبِقَاتِ . قَالُوا يَا رَسُولَ اللَّهِ وَمَا هُنَّ قَالَ الشِّرْكُ بِاللَّهِ، وَالسِّحْرُ، وَقَتْلُ النَّفْسِ الَّتِي حَرَّمَ اللَّهُ إِلاَّ بِالْحَقِّ، وَأَكْلُ الرِّبَا، وَأَكْلُ مَالِ الْيَتِيمِ، وَالتَّوَلِّي يَوْمَ الزَّحْفِ، وَقَذْفُ الْمُحْصَنَاتِ الْمُؤْمِنَاتِ الْغَافِلاَتِ

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ ഏഴ് നാശകരങ്ങളായ വൻപാപങ്ങളെ വെടിയുക , അവർ (സ്വഹാബികൾ) ചോദിച്ചു : ഏതാണവ? അവിടുന്ന് പറഞ്ഞു: അല്ലാഹുവിൽ പങ്ക്ചേർക്കൽ (ശിർക്ക്) സിഹ്ർ (മാരണം) ചെയ്യൽ, **അല്ലാഹു നിഷിദ്ധമാക്കിയ ആത്മാക്കളെ അന്യായമായി കൊല്ലൽ**, പലിശ ഭക്ഷിക്കൽ, അനാഥയുടെ ധനം തിന്നൽ, യുദ്ധത്തിൽ സൈന്യങ്ങൾ അന്യോന്യം കണ്ടുമുട്ടുമ്പോൾ തിരിഞ്ഞോടൽ, വിശ്വാസികളും ചാരിത്ര്യവതികളുമായ സ്ത്രീകളെ കുറിച്ച് (സമൂഹത്തിൽ) അപവാദം പറയൽ എന്നിവയാണവ. (ബുഖാരി)

- **മറ്റുള്ളവരെ മാത്രമല്ല സ്വന്തത്തെയും കൊല്ലാൻ പാടില്ല.**

وَلَا تَقْتُلُوا أَنفُسَكُمْ ۚ إِنَّ اللَّهَ كَانَ بِكُمْ رَحِيمًا ﴿النساء: ٢٩﴾

- **മനുഷ്യ ചരിത്രത്തിലെ ആദ്യ കൊലപാതകവും നമുക്കുള്ള പാഠവും.**
- ആദം നബി (അ) യുടെ രണ്ട് പുത്രന്മാർ ഓരോ ബലി കർമ്മം നടത്തിയതിൽ ഒരാളുടേത് സ്വീകരിക്കപ്പെട്ടപ്പോൾ മറ്റേയാളുടേതു സ്വീകരിക്കപ്പെട്ടില്ല.
- തന്റേത് സ്വീകരിക്കപ്പെടാതെ തന്റെ സഹോദരന്റേത് മാത്രം സ്വീകരിക്കപ്പെട്ടതിൽ അവന് (സ്വീകരിക്കപ്പെടാത്തവന്) അസൂയയായി. അസൂയ നിമിത്തം അവൻ തന്റെ സഹോദരനെ കൊലപ്പെടുത്തി.
- ഇതാണ് ലോകത്തിലെ ആദ്യ കൊലപാതകം.
- ആര് അന്യായമായി കൊല നടത്തിയാലും അതിന്റെ ഒരു ഓഹരി ആദ്യത്തെ കൊലപാതകിക്ക് ലഭിക്കുകയും ചെയ്യും.
- കാരണം ആരെങ്കിലും ഒരു തിന്മക്ക് തുടക്കം കുറിച്ചാൽ ആ തിൻമയുടെ പ്രതിഫലവും ആ തിന്മയിൽ നിന്ന് ആരൊക്കെ ഉപകാരമെടുക്കുന്നുവോ അതിന്റെ ഒരു പ്രതിഫലവും ലഭിക്കും.

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَا مِنْ نَفْسٍ تُقْتَلُ ظُلْمًا إِلاَّ كَانَ عَلَى ابْنِ آدَمَ كِفْلٌ مِنْ دَمِهَا وَذَلِكَ لأَنَّهُ أَوَّلُ مَنْ أَسَنَّ الْقَتْلَ

അബ്ദില്ലാഹിബ്നു മസ്ഊദ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഏതൊരാളും അക്രമമായി കൊല്ലപ്പെടുന്ന പക്ഷം ആ രക്തത്തിൽ (രക്തം ചിന്തിയതിന്റെ ശിക്ഷയിൽ) നിന്നു ഒരു പങ്ക് ആദമിന്റെ ഒന്നാമത്തെ പുത്രന്റെ മേൽ ഇല്ലാതിരിക്കുകയില്ല. കാരണം, അവനാണു കൊല നടപ്പിൽ വരുത്തിയവരിൽ ഒന്നാമത്തെ ആൾ. (തിർമിദി)

- ഒരാളെ അന്യായമായി കൊലപ്പെടുത്തുന്നത് ലോകത്തുള്ള മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തുന്നതിന് തുല്യമാകുന്നുവെന്നാണ് ഇസ്ലാമിന്റെ നിലപാട്.

مَن قَتَلَ نَفْسًا بِغَيْرِ نَفْسٍ أَوْ فَسَادٍ فِي الْأَرْضِ فَكَأَنَّمَا قَتَلَ النَّاسَ جَمِيعًا وَمَنْ أَحْيَاهَا فَكَأَنَّمَا أَحْيَا النَّاسَ جَمِيعًا (المائدة: ٣٢)

- **മറ്റുള്ളവരുടെ നേരെ ആയുധം ചൂണ്ടുന്നതു പോലും തെറ്റ്**
- കൊലപാതകം പോയിട്ട് തന്റെ സഹോദരന് നേരെ ആയുധം ചൂണ്ടുന്നത് പോലും ഇസ്ലാം വിരോധിച്ചു.

عَنْ أَبِي هُرَيْرَةَ، يَقُولُ قَالَ أَبُو الْقَاسِمِ صلى الله عليه وسلم: مَنْ أَشَارَ إِلَى أَخِيهِ بِحَدِيدَةٍ فَإِنَّ الْمَلاَئِكَةَ تَلْعَنُهُ حَتَّى وَإِنْ كَانَ أَخَاهُ لأَبِيهِ وَأُمِّهِ

അബൂഹുറൈറവിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും ഇരുമ്പ് (ആയുധം) തന്റെ സഹോദരനു നേരെ ചൂണ്ടിക്കാണിച്ചാൽ അവനത് ഉപേക്ഷിക്കും വരെ മലക്കുകൾ അവനെ ശപിക്കും. അവൻ സ്വന്തം സഹോദരനാണെങ്കിലും. (മുസ്‌ലിം)

عَنْ أَبِي مُوسَى، عَنِ النَّبِيِّ صلى الله عليه وسلم قَالَ : إِذَا مَرَّ أَحَدُكُمْ فِي مَسْجِدِنَا أَوْ فِي سُوقِنَا وَمَعَهُ نَبْلٌ فَلْيُمْسِكْ عَلَى نِصَالِهَا ـ أَوْ قَالَ فَلْيَقْبِضْ بِكَفِّهِ ـ أَنْ يُصِيبَ أَحَدًا مِنَ الْمُسْلِمِينَ مِنْهَا شَىْءٌ.

അബൂമൂസയി (റ) ൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നമ്മുടെ പള്ളിയിലൂടെയോ അങ്ങാടിയിലൂടെയോ ആരെങ്കിലും അമ്പുമായി കടന്നുപോവുകയാണെങ്കിൽ ആർക്കും അതുകൊണ്ട് ഒരു പരിക്കും പറ്റാതിരിക്കാൻ അതിന്റെ മൂർച്ചയുള്ള ഭാഗമായ വായ്ത്തല കൈകൊണ്ട് മറച്ച് പിടിക്കട്ടെ. (ബുഖാരി)

- **പരലോകത്ത് ആദ്യമായി വിധി തീർപ്പാക്കുന്ന വിഷയം**

പരലോകത്ത് ആദ്യമായി വിധി തീർപ്പുണ്ടാക്കുക കൊലപാതകത്തിന്റെ വിഷയത്തിലാണെന്നത് ഈ വിഷയത്തിന്റെ ഗൗരവം അറിയിക്കുന്നു.

عَنْ عَبْدَ اللَّهِ ـ رضى الله عنه قَالَ النَّبِيُّ صلى الله عليه وسلم : أَوَّلُ مَا يُقْضَى بَيْنَ النَّاسِ بِالدِّمَاءِ

അബ്ദുല്ല (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: പരലോകത്ത് ആദ്യമായി വിധി തീർപ്പുണ്ടാക്കുക രക്തച്ചൊരിച്ചിലുകൾക്കാണ്. (ബുഖാരി)

- **മുആഹദിനെ അനനുവദനീമായി കൊന്നാൽ നരകം**

عَنْ أَبُو بَكْرَةَ قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنْ قَتَلَ مُعَاهِدًا فِي غَيْرِ كُنْهِهِ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ

അബൂബക്റ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വല്ലവനും ഒരു മുആഹദിനെ (കരാറിൽ ഏർപ്പെട്ട ആളിനെ) അനനുവദനീയമായ സമയത്ത് കൊന്നാൽ അല്ലാഹു അയാൾക്ക് സ്വർഗ്ഗം നിഷിദ്ധമാക്കിയിരിക്കുന്നു. (നസാഇ)

**മറ്റൊരു ഹദീസ്.**

عَنِ الْقَاسِمِ بْنِ مُخَيْمِرَةَ، عَنْ رَجُلٍ، مِنْ أَصْحَابِ النَّبِيِّ صلى الله عليه وسلم أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : مَنْ قَتَلَ رَجُلاً مِنْ أَهْلِ الذِّمَّةِ لَمْ يَجِدْ رِيحَ الْجَنَّةِ وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ سَبْعِينَ عَامًا

ഖാസിം ബ്ന് മുഖൈമിറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: വല്ലവനും അഹ്'ലുദിമ്മയിൽ (ഇസ്ലാമിക രാഷ്ട്രത്തിലെ അമുസ്ലിം പൌരൻമാരിൽ) പെട്ട ഒരാളെ കൊന്നാൽ അവൻ സ്വർഗത്തിന്റെ പരിമളം പോലും അനുഭവിക്കുകയില്ല. അതിന്റെ പരിമളം എഴുപത് വർഷത്തെ വഴി ദൂരത്തിൽ നിന്നും അനുഭവപ്പെടും. (നസാഇ)

- **പരസ്പരം വാളോങ്ങുന്നവരോട്**

عَنْ عَلِيًّا قَالَ فَقَالَ: فَإِنِّي سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ إِذَا تَوَاجَهَ الْمُسْلِمَانِ بِسَيْفَيْهِمَا فَالْقَاتِلُ وَالْمَقْتُولُ فِي النَّارِ . قَالَ فَقُلْتُ أَوْ قِيلَ يَا رَسُولَ اللَّهِ هَذَا الْقَاتِلُ فَمَا بَالُ الْمَقْتُولِ قَالَ إِنَّهُ قَدْ أَرَادَ قَتْلَ صَاحِبِهِ

അലിയ്യ് (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: രണ്ട് മുസ്ലിംകൾ അന്യോന്യം വാളോങ്ങിയാൽ കൊന്നവനും കൊല്ലപ്പെട്ടവനും നരകത്തിലാണ്. അപ്പോൾ ഞാൻ ചോദിച്ചു: (അല്ലെങ്കിൽ ചോദിക്കപ്പെട്ടു:) അല്ലാഹുവിന്റെ റസൂലേ, കൊന്നവൻ നരകത്തിലാണ്. എന്നാൽ കൊല്ലപ്പെട്ടവന്റെ കാര്യം എന്താണ്? നബി ﷺ പറഞ്ഞു: തന്റെ കൂട്ടുകാരനെ കൊല്ലുവാൻ അയാൾ ഉദ്ദേശിച്ചിരുന്നു (മുസ്ലിം)

- **ലോകാവസാനത്തിന്റെ അടയാളം.**

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم يَتَقَارَبُ الزَّمَانُ وَيَنْقُصُ الْعِلْمُ وَتَظْهَرُ الْفِتَنُ وَيُلْقَى الشُّحُّ وَيَكْثُرُ الْهَرْجُ . قِيلَ يَا رَسُولَ اللَّهِ أَيَّةُ هُوَ قَالَ الْقَتْلُ الْقَتْلُ

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അന്ത്യനാൾ അടുക്കുമ്പോൾ അറിവ് ഉയർത്തപ്പെടും, കുഴപ്പങ്ങൾ പ്രകടമാകും, (ആളുകളുടെ ഹൃദയങ്ങളിൽ) പിശുക്ക് ഇടപ്പെടും, ഹർജ് വർദ്ധിക്കും. പറയപ്പെട്ടു: അല്ലാഹുവിന്റെ റസൂലേ, അത്(ഹർജ്) എന്താണ്? നബി ﷺ പറഞ്ഞു: കൊലപാതകം, കൊലപാതകം. (അബൂദാവൂദ്)

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : وَالَّذِي نَفْسِي بِيَدِهِ لاَ تَذْهَبُ الدُّنْيَا حَتَّى يَأْتِيَ عَلَى النَّاسِ يَوْمٌ لاَ يَدْرِي الْقَاتِلُ فِيمَ قَتَلَ وَلاَ الْمَقْتُولُ فِيمَ قُتِلَ

അബൂഹുറൈറ വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: എൻറെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം. ഈ ലോകം അവസാനിക്കുകയില്ല; ഒരു നാൾ വരുന്നത് വരെ. അന്ന് കൊല്ലുന്നവന് താൻ എന്തിനാണ് കൊല്ലുന്നതെന്നോ കൊല്ലപ്പെട്ടവൻ എന്തിനാണ് കൊല്ലപ്പെട്ടതെന്നോ അറിയുകയില്ല. (മുസ്'ലിം)

- **ശിർക്ക് ചെയ്യാത്തവരും കൊല നടത്താത്തവരും**

عَنْ عُقْبَةَ بْنِ عَامِرٍ الْجُهَنِيِّ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم مَنْ لَقِيَ اللَّهَ لاَ يُشْرِكُ بِهِ شَيْئًا لَمْ يَتَنَدَّ بِدَمٍ حَرَامٍ دَخَلَ الْجَنَّةَ

ഉഖ്ബ ഇബ്നു ആമിർ അൽജുഹനി (റ) യിൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെയും കൊലപാതകം നടത്താതെയും അല്ലാഹുവിനെ കണ്ടുമുട്ടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. (ഇബ്നുമാജ)

- **മൂന്നു കാരണങ്ങൾ കൊണ്ട് മാത്രമാണ് ഒരു വ്യക്തിയെ കൊല്ലാൻ പാടുള്ളൂ.**

സഹൽ ബ്നു ലൈസ് (റ) പറയുന്നത് കാണാം, വിപ്ലവകാരികൾ ഉസ്മാൻ (റ) വിനെ കൊല്ലാൻ ശ്രമിക്കുമ്പോൾ അദ്ദേഹം അവർ കേൾക്കെ പ്രസംഗിച്ചു.

وقال لهم: يا قوم علام تقتلونني؟ فإني سمعت رسول الله صلى الله عليه وسلم يقول: "لَا يَحِلُّ دَمُ امْرِئٍ إِلَّا بِإِحْدَى ثَلَاثٍ، رَجُلٌ زَنَى بَعْدَ إِحْصَانِهِ، فَعَلَيْهِ الرَّجْمُ، أَوْ قَتَلَ عَمْدًا، فَعَلَيْهِ الْقَوَدُ، أَوِ ارْتَدَّ بَعْدَ إِسْلَامِهِ، فَعَلَيْهِ الْقَتْلُ.

മൂന്നു കാര്യങ്ങൾ ഉണ്ടായാൽ ആണ് ഒരാളെ കൊല്ലാൻ അനുവാദമുള്ളത്

1. **മുർത്തദ്ദായി പോകണം**
2. **വിവാഹ ശേഷം വ്യഭിചരിച്ചാൽ**
3. **മറ്റൊരാളെ അകാരണമായി വധിച്ചാൽ**

- അദ്ദേഹം അവരോട് പറഞ്ഞത് ഇതു മൂന്നും ഞാൻ ചെയ്തിട്ടില്ല. പിന്നെ എങ്ങനെ നിങ്ങൾക്ക് എന്നെ വധിക്കാനാവും?

- **ശ്രദ്ധിക്കുക**

ഇവിടെയെല്ലാം ശിക്ഷ നടപ്പാക്കേണ്ടത് ഭരണ കൂടമാണ്.
വ്യക്തികൾക്ക് ശിക്ഷ നടപ്പാക്കാൻ യാതൊരു അനുവാദവും ഇസ്ലാം നൽകുന്നില്ല.

- **പ്രതികാരം ഇസ്ലാമിൽ ഇല്ല.**

1. **പ്രതിക്രിയ ഇസ്ലാം പഠിപ്പിച്ചിട്ടുണ്ട്.**

- അത് കോടതിയിൽ വെച്ചാണ് തീരുമാനം എടുക്കേണ്ടത്.

2. **പ്രതിരോധവും ഇസ്ലാം അനുവദിക്കുന്നു.**

- നമ്മെ ഒരാൾ ആക്രമിക്കാൻ വരുമ്പോൾ, നമുക്ക് വേണ്ടപ്പെട്ടവരെ ആക്രമിക്കുമ്പോൾ, അക്രമം കാണുമ്പോൾ തടുക്കാനും പ്രതിരോധിക്കാനും നമുക്ക് മതവും ഭരണകൂടവും അനുവാദം നൽകുന്നുണ്ട്.

**പ്രതികാരം ഇസ്ലാം അനുവദിക്കുന്നില്ല.**

- നമ്മെ അക്രമിച്ച ഒരു വ്യക്തിയെ മറ്റൊരു സന്ദർഭത്തിൽ വന്ന് പ്രതികാരം ചെയ്യുന്നത് ഇസ്ലാം അംഗീകരിക്കുന്നില്ല.
- നബി (സ്വ) പ്രതികാരത്തിന് അവസരം ലഭിച്ചപ്പോളെല്ലാം മാപ്പ് കൊടുത്ത് മാതൃക കാണിച്ചത് വിശ്വാസികൾ മാതൃകയാക്കുകയാണ് വേണ്ടത്.

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

https://sufaraulislam.com/index